**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4611** **02-07-2024 - ൽ മറുപടിയ്ക്ക്**

**പുതുതായി പ്രവർത്തനം ആരംഭിച്ച ഇക്കോ ടൂറിസം കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വനംവകുപ്പിന് കീഴിൽ പുതുതായി എത്ര ഇക്കോ ടൂറിസം കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വനംവകുപ്പിന് കീഴിൽ പുതുതായി 11 ഇക്കോ ടൂറിസം കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് എത്ര വനശ്രീ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും വനശ്രീ ഉല്പന്നങ്ങൾ ഓൺലൈനിലൂടെ വിപണനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് 2 മൊബൈൽ യൂണിറ്റുകൾ ഉൾപ്പെടെ 74 വനശ്രീ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തെ വനവികസന ഏജൻസികൾ ശേഖരിക്കുന്ന വനവിഭവങ്ങൾ www.vanasree.in എന്ന e-commerce platform വഴി വിപണനം നടത്തി വരുന്നുണ്ട്. കൂടാതെ തിരുവനന്തപുരം വന വികസന ഏജൻസിയിൽ 'ഓപ്പൺ നെറ്റ് വർക്ക് ഡിജിറ്റൽ കോമേഴ്സ് ' (ONDC) പ്ലാറ്റ്ഫോമിൽ വനശ്രീ ഉൽപ്പന്നങ്ങളുടെ ഓൺലൈൻ വിപണനവും ആരംഭിച്ചിട്ടുണ്ട്. |
| (സി) | കേരള ഫോറസ്റ്റ് ഇക്കോ ടൂറിസം അതോറിറ്റി രൂപവത്കരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (സി) | കേരള ഫോറസ്റ്റ് ഇക്കോ ടൂറിസം ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതിന് വേണ്ടി കരട് മെമ്മോറാണ്ടം തയ്യാറാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സർക്കാരിലേക്ക് സമർപ്പിക്കുന്നതിനായി 04.10.2023-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 370/2023/വനം പ്രകാരം ഒരു സമിതി രൂപീകരിക്കുകയുണ്ടായി. ടി സമിതി യുടെ നിർദ്ദേശങ്ങൾ അടങ്ങിയ കരട് മെമ്മോറാണ്ടം സർക്കാർ തലത്തിൽ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ